# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3414

09.04.2013 -ൽ മറുപടിയ്ക്ക്

### ഭക്ഷ്യ വസ്തുക്കളുടെ അളവും വിലയും തമ്മിലുള്ള പൊരുത്തക്കേട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണവും; അളവും ഈടാക്കുന്ന വിലയും തമ്മിലുള്ള പൊരുത്ത ക്കേട് പരിശോധിക്കാനുള്ള സംവിധാനത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നത് തടയുവാനായി ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലനിലവാര പട്ടിക പ്രദർശിപ്പിക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. 1977 ലെ ഫുഡ് സ്റ്റഫ് (ഡിസ് പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ് മെന്റ്) ഓർഡർ പ്രകാരം വിൽപ്പന നടത്തുന്ന ഭക്ഷണ സാധനങ്ങളുടെ വിലനിലവാര പട്ടിക വ്യക്തമായി കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്. ഇതുറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും, പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. ഭക്ഷണ സാധനങ്ങൾ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടോ എന്ന് 2006 ലെ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം ഭക്ഷ്യ സുരക്ഷാ വിഭാഗം പരിശോധന നടത്തുന്നു. |

| | |
|---|---|
| (ബി) ഹോട്ടലുകൾ നൽകുന്ന സേവനങ്ങളുടെയും, ഏർപ്പെടുത്തിയിട്ടുള്ള സൌകര്യങ്ങളുടെയും, ഭക്ഷ്യ വിഭവങ്ങളുടെ വിലയുടെയും കാര്യത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. ഓരോ ഹോട്ടലുകളിലും വിൽക്കപ്പെടുന്ന സാധനങ്ങളുടെ ഇനം, ഹോട്ടലിന്റെ വിസ്തൃതി, അനുബന്ധ സൌകര്യങ്ങൾ, സ്ഥിതി ചെയ്യുന്ന സ്ഥലം, തൊഴിലാളികളുടെ എണ്ണം എന്നീ ഘടകങ്ങളുടെ വ്യത്യാസങ്ങൾക്കനുസരിച്ച് ഭക്ഷണ വിലയിലും വ്യത്യാസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇക്കാര്യങ്ങൾ പരിശോധിച്ച്, ഏകീകരണം വരുത്താൻ ഒരു സംവിധാനം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) ഹോട്ടലുകളിലെ നിലവാരവും, സൌകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി /ഏകീകരിക്കുന്നതിനായി ഒരു നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ